ക്കുകയാണ്. വൈവിദ്ധ്യവൽക്കരണത്തോടെ ഗ്ലാസ് ഫൈബർ, റീ ഇൻഫോഴ്സ്ഡ് പ്ലാസ്റ്റിക്ക് ഉൽപ്പന്നങ്ങളായ ജനാല തുടങ്ങിയ നിർമ്മാണ സാമഗ്രികൾ ഉൽപ്പാദിപ്പിക്കാനുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് മൂന്നേമുക്കാൽ കോടി രൂപയുടേത് സർക്കാരിന് ലഭിച്ചിട്ടുണ്ട്. അത് പരിശോധിച്ചു കൊണ്ടിരിക്കുകയാണ്. താമസമില്ലാതെ അത് നടപ്പിലാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ആവശ്യമായ തടി കിട്ടുകയും ഈ സ്കീം തുടങ്ങുകയും ചെയ്താൽ അടിയന്തിരമായി ശമ്പളപരിഷ്ക്കരണം നടത്താം. ഇപ്പോൾ കൈയിൽ നിന്നും കാശെടുത്താണ് കൊടുക്കുന്നത്. അവിടത്തെ കാശല്ല. അപ്പോൾ, പലപ്പോഴും ഗവൺമെന്റിൽ നിന്നും കൊടുക്കേണ്ടി വരും. താമസമില്ലാതെ പരിഹാരമുണ്ടാക്കാം.

(8) അശാസ്ത്രീയമായ റബ്ബർ ടാപ്പിംഗ് വഴിയുള്ള മലിനീകരണം

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ : വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നമാണ് സഭയുടെ മുൻപിൽ കൊണ്ടുവരാനുള്ളത്. ഇൻഡ്യയിലെ ഏറ്റവും പ്രധാനപ്പെട്ട തോട്ടവിളകളിൽ ഒന്നാണ് റബ്ബർ. റബ്ബർ ഉൽപ്പാദനത്തിൽ ഇൻഡ്യ ലോകത്ത് നാലാം സ്ഥാനത്താണ് നിൽക്കുന്നത്. ഇതിൽ ഏതാണ്ട് 86 ശതമാനവും ഉൽപ്പാദിപ്പിക്കുന്നത് കേരളത്തിലാണ്. 85 ശതമാനവും ചെറുകിട വിഭാഗക്കാരാണ് ഉൽപ്പാദിപ്പിക്കുന്നത്. സംസ്ഥാനത്ത് 8 ലക്ഷം ഹെക്ടർ സ്ഥലത്തായി 220 കോടി റബ്ബർ മരങ്ങളുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഇതിൽ 80 ശതമാനവും ആർ.ആർ.11/105 ഇനങ്ങളിൽപ്പെട്ടതാണ്. ഇവയിൽ നിന്നും പാല് ഉൽപ്പാദിപ്പിക്കുന്നത് എത്റേൽ എന്ന രാസവസ്തുവാണ്. ഡൈക്ലോറോ ഈതൈൽ ഫോസ്ഫോറിക് ആസിഡ് എന്ന കൃത്രിമ ഹോർമോൺ ഉപയോഗിക്കുന്നു. ജന്തുക്കളുടെ ഹോർമോൺ സംവിധാനത്തെയും ഉൽപ്പാദനശേഷിയേയും പ്രതികൂലമായി ബാധിക്കുന്ന കടുത്ത വിഷമുള്ളതാണ്; ഈ ഡൈക്ലോറോ ഈതൈൽ ഫോസ്ഫോറിക് ആസിഡ്. ഇത്തരം കൃത്രിമ വസ്തുക്കൾ ദീർഘകാലം നിലനിൽക്കുന്ന രാസവസ്തുക്കളാണ് സ്വാഭാവികമായും വിഘടന പ്രക്രിയ പ്രകൃതിയിൽ തുടർച്ചയായി നിലനിൽക്കുന്നതാണ്. മാരകമായ രോഗങ്ങൾ വിളിച്ചു വരുത്തുന്ന ശൃംഖലയുടെ തലപ്പത്തുതന്നെ പ്രധാനമായിട്ട് ഇപ്പോൾ മനുഷ്യരാണുള്ളത്. മനുഷ്യന്റെ കൊഴുപ്പിലാണ് ഇത് അടിഞ്ഞുകൂടി കിടക്കുന്നത്. പെർസിസ്റ്റന്റ് ഓർഗാനിക് പൊല്യൂട്ടന്റ് വിഭാഗത്തിൽപ്പെട്ട ഓർഗാനോ ഹാലജൻ സംയുക്തങ്ങളിൽ ഒന്നാണ് ഇപ്പോൾ റബ്ബറിനു വേണ്ടി ഉപയോഗിക്കുന്നത്. ഇത് പാരിസ്ഥിതിക വിഷങ്ങളാണ്. മനുഷ്യന്റെ അന്തർഭാഗ ഗ്രന്ഥികളുടെ പ്രവർത്തനത്തെ തടസ്സപ്പെടുത്തുന്നതും ഗുരുതരമായ രോഗങ്ങൾ മനുഷ്യസമുദായത്തിലാകെ ഉണ്ടാക്കുന്നതുമായ ഒന്നാണ്. കേരളത്തിലെ റബ്ബർ മരങ്ങൾക്കെല്ലാം കൂടി ഒരു തവണ ഉപയോഗിക്കുന്നതിന് 50,000 ലിറ്റർ ആണ് വേണ്ടത്. അങ്ങനെ മൂന്നു തവണ ആയിട്ട് അത് ഉപയോഗിക്കണമെന്നാണ് റബ്ബർ ബോർഡ് നിർദ്ദേശം നൽകിയിട്ടുള്ളത്. അങ്ങനെ ഉപയോഗിക്കുന്ന മാരകമായ വിഷം കേരളത്തിലെ എല്ലാ ജലാശയങ്ങളിലും വരികയും ജനസമൂഹത്തെ മുഴുവൻ ബാധിക്കുന്ന പ്രശ്നമായിട്ട് അത് ഗുരുതരമായ രീതിയിൽ മുന്നോട്ടു വരികയും ചെയ്യുകയാണ്. റബ്ബർ ബോർഡിന്റെ വിശദീകരണം മാത്രം ഇതിന് മറുപടിയായിട്ടു പറഞ്ഞാൽ സ്വാഭാവികമായിട്ടും ഇതിന്റെ ഗൗരവം പരിശോധനയ്ക്കും പരീക്ഷണത്തിനും വിധേയമാക്കുന്നതല്ല. ഇത് ഗൗരവമായി പരിശോധിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. ഈ റബ്ബർ ബോർഡിൽ

LIBRARY ARCHIVES Kerala Legislative Assembly

നിന്നും വിരമിച്ച ശാസ്ത്രജ്ഞ ശ്രീമതി തങ്കമ്മ ഇക്കാര്യം പത്ര മാധ്യമങ്ങളിലൂടെ ജനങ്ങളുടെ മുൻപാകെ അവതരിപ്പിച്ചിട്ടുണ്ട്. ലാഭകരമായി എങ്ങനെയാണ് ടാപ്പ് ചെയ്യേണ്ടതെന്നും ഇന്നത്തെ ടാപ്പിംഗ് സമ്പ്രദായത്തിൽ മാറ്റം വരുത്തിയാൽ ഉൽപാദന ക്ഷമതയിൽ 40 ശതമാനം വർദ്ധനവ് ഉണ്ടാക്കാമെന്നും കണ്ടുപിടിച്ചിട്ടുണ്ട്. ശരിയായ രീതിയിൽ ടാപ്പിംഗ് നടത്തിയാൽ ഉൽപാദന ക്ഷമത വർദ്ധിപ്പിക്കാൻ കഴിയും.

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാമ്പറമ്പിൽ) : സർ, ബഹു. അംഗം ശ്രീ. എം.വി. ഗോവിന്ദൻമാസ്റ്ററുടെ നോട്ടീസ് ഒറ്റവാചകത്തിലുള്ളതാണ്. ഇവിടെ പറഞ്ഞ വിശദീകരണമൊന്നും നോട്ടീസിൽ ഇല്ല. നോട്ടീസിൽ പറഞ്ഞിരുന്നുവെങ്കിൽ തീർച്ചയായിട്ടും ഇതിനെക്കുറിച്ച് റബ്ബർ ബോർഡുമായി ചർച്ച ചെയ്യാമായിരുന്നു. ഇപ്പോൾ ബഹുമാനപ്പെട്ട എം.വി. ഗോവിന്ദൻ മാസ്റ്ററുടെ നോട്ടീസ് കിട്ടിയപ്പോൾ ഗവൺമെന്റിന് ചെയ്യാൻ സാധിക്കുന്നത് റബ്ബർ ബോർഡുമായിട്ട് ചർച്ച ചെയ്യലാണ്. ഈ വിഷയത്തെ സംബന്ധിച്ച് റബ്ബർ ബോർഡുമായി ചർച്ച ചെയ്തപ്പോൾ അവർ ഇപ്പോൾ പറയുന്നത് ഇപ്പോൾ കത്തി ഉപയോഗിച്ചുള്ള ടാപ്പിംഗ് ആണ് നടന്നുവരുന്നത്, അത് ഒരു തരത്തിലുമുള്ള പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടാക്കുന്നില്ല എന്നാണ്. ആസിഡ് ഉപയോഗിക്കുന്നുണ്ട്. ഈ ആസിഡ് ഉപയോഗിക്കുന്നതുകൊണ്ട് മലിനീകരണം ഉണ്ടാകുന്നില്ലെന്നുള്ളതുതന്നെയാണ് ബോർഡിന്റെ അഭിപ്രായം. ഈ രണ്ടു കാര്യങ്ങളും ബോർഡ് അംഗീകരിക്കുന്നില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട എം.വി. ഗോവിന്ദൻമാസ്റ്ററുടെ വിശദീകരണക്കുറിപ്പ് കിട്ടുകയാണെങ്കിൽ തീർച്ചയായിട്ടും റബ്ബർ ബോർഡുമായിട്ട് വീണ്ടും ചർച്ച ചെയ്യാൻ തയ്യാറാണ്. റബ്ബർ ബോർഡിന് പുറത്തു പോയിട്ട് ചില ശാസ്ത്രജ്ഞൻമാർ പറയുന്ന അഭിപ്രായം എത്ര ശരിയാണെന്ന് എനിക്കറിയില്ല. അവർ അതിനകത്ത് ഇരുന്നിടത്തോളം കാലം പറഞ്ഞിട്ടില്ല. അവർ ബോർഡിനകത്തുള്ള കാലം ഈ കാര്യങ്ങൾ സംസാരിച്ചിട്ടില്ല. അവിടെനിന്നും പെൻഷനായി പുറത്തുപോയതിനുശേഷം ചിലർക്ക് പുതിയ അവബോധം ഉണ്ടാകുന്നുണ്ട്, നല്ലതാണ്. ഇത് എത്രത്തോളം നമ്മുടെ മേഖലയിൽ കൊണ്ടുവരാൻ കഴിയുമെന്ന് വിശദമായി റബ്ബർ ബോർഡുമായി ചർച്ച ചെയ്യാൻ ഗവൺമെന്റ് തയ്യാറാണ്.

(9) തെങ്ങിൽ നിന്നുവീണു മരിച്ച തൊഴിലാളികളുടെ ഇൻഷ്വറൻസ് ആനുകൂല്യങ്ങൾ

ശ്രീ. ലോനപ്പൻ നമ്പാടൻ : സർ, ഇരിങ്ങാലക്കുട നിയോജക മണ്ഡലത്തിൽപ്പെട്ട വേളൂക്കര പഞ്ചായത്തിൽ മണ്ഡരി രോഗബാധയ്ക്ക് മരുന്ന് തളിക്കാൻ തെങ്ങിൽ കയറിയ രണ്ട് പാവപ്പെട്ട തൊഴിലാളികൾ കഴിഞ്ഞ ഫെബ്രുവരി 19-ന് തെങ്ങിൽ നിന്നും വീണു മരിച്ചു. കൊറ്റനെല്ലൂർ വില്ലേജിലെ മൂത്തേടത്ത് പേങ്ങൻ മകൻ അയ്യപ്പകുട്ടിയും കണ്ണൂർ പറമ്പിൽ അയ്യപ്പൻ മകൻ പീതാംബരനുമാണ് മരണപ്പെട്ടത്. ശ്രീ അയ്യപ്പകുട്ടി 44 വയസ്സുള്ള പട്ടികജാതിക്കാരനാണ്. ഭാര്യയും മൂന്ന് കുട്ടികളുമുണ്ട്. ശ്രീ. പീതാംബരൻ, 50 വയസ്സുണ്ട്, അദ്ദേഹത്തിന് ഭാര്യയും മൂന്ന് മക്കളുമുണ്ട്. ഇവരുടെ കുടുംബങ്ങൾ അനാഥമാണ്. മണ്ഡരി രോഗബാധയ്ക്ക് മരുന്നു തളിക്കുന്ന തൊഴിലാളികൾക്ക് ഏർപ്പെടുത്തിയിട്ടുള്ള ഇൻഷ്വറൻസ് പദ്ധതി അനുസരിച്ചുള്ള ആനുകൂല്യങ്ങൾ ഈ പാവപ്പെട്ട കുടുംബത്തിന് അടിയന്തിരമായി നൽകണമെന്ന് അഭ്യർത്ഥിക്കുന്നു. കാറ്റ് വീഴ്ചയും, മണ്ഡരി രോഗവും മൂലം കേരകർഷകർ കണ്ണീരും കൈയുമായി കഴിയുകയാണ്. കേരകർഷകരേയും

LIBRARY ARCHIVES Kerala Legislative Assembly